സർക്കാർ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനുവേണ്ടി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

77. പ്രാഥമിക കൈത്തറി-നെയ്ത്ത് സഹകരണ സംഘങ്ങൾ വഴി കൈത്തറി മേഖല വികസിപ്പിക്കുന്നതിന് 6.45 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ കൈത്തറി പവർലൂം മേഖലയ്ക്ക് മൊത്തം 22.28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

78. കേരളത്തിൽ ഖാദി വ്യവസായ മേഖലയിൽ 13000 തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തൊഴിലാളികളുടെ കുറഞ്ഞ വേതനം എന്നിവ മൂലം ഈ മേഖലരൂക്ഷമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ചില സംരക്ഷണ നടപടികൾ എടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. നെയ്ത്ത് തൊഴിലാളികൾക്ക് പ്രസ്തുത വ്യവസായത്തിൽ അവർ ഉപയോഗിക്കുന്ന നൂലിന് കഴിയൊന്നിന് 10 പൈസ നിരക്കിൽ പ്രോത്സാഹനം നൽകുന്നതാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ 25 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

മത്സ്യബന്ധനവും മത്സ്യബന്ധന തുറമുഖങ്ങളും

79. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്നതുകൊണ്ടും സമൂഹത്തിലെ വളരെ പാവപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ ഒരു ജനവിഭാഗത്തിന് ജീവനോപായത്തിന് ആശ്രയിക്കുന്ന മേഖല എന്ന നിലയിലും മത്സ്യബന്ധന മേഖലയ്ക്ക് അതിയായ പ്രാധാന്യമുണ്ട്. എന്റെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ ഈ മേഖലയ്ക്ക് 81.2 കോടി രൂപ വർദ്ധിപ്പിച്ച വിഹിതമായി മാറ്റിവച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ തുകയെക്കാൾ ഏകദേശം 20 ശതമാനം കൂടുതലാണ്. മത്സ്യക്കൂട്ടങ്ങളുടെ ചലനം മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും, രക്ഷാ പ്രവർത്തനങ്ങൾക്കുംവേണ്ടി മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ ഒരു സംസ്ഥാനതല വയർലസ് ശൃംഖല സ്ഥാപിക്കുന്നതാണ്.

80. നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുന്നതിനുവേണ്ടി മത്സ്യഫെഡ് കാസർഗോഡ്, കണ്ണൂർ, കൊല്ലം ജില്ലകളിൽ ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. മത്സ്യബന്ധന മേഖലയിൽ സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിക്കുക, വനിതാ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നിവ ഈ വർഷം ഊന്നൽ കൊടുക്കുന്ന പ്രധാന മേഖലകളാണ്.

81. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയും മറ്റ് ജീവനോപാധികളും നൽകുക എന്നുള്ളത് മത്സ്യഫെഡിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനുവേണ്ടി മത്സ്യഫെ

LIBRARY ARCHIVES Kerala Legislative Assembly

ഡിന് 5 കോടി രൂപ അധികമായി അനുവദിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

82. കാഞ്ഞങ്ങാട്, തിക്കൊടി, പൂവാർ, കടപ്ര തുടങ്ങിയ സ്ഥലങ്ങളിൽ 2 കോടി രൂപ ചെലവിൽ പുതിയ പരമ്പരാഗത ഫിഷ്ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതാണ്.

83. 2000-2001-ൽ മൂന്നാറിൽ 'കുയിൽ' മത്സ്യഹാച്ചറിയും (Masheer Hatchery) കണ്ണൂരിൽ ഒരു ചെമ്മീൻ ഹാച്ചറിയും സ്ഥാപിക്കുന്നതാണ്. ഹാച്ചറികൾക്കുവേണ്ടി എന്റെ ബഡ്ജറ്റിൽ 2.1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

84. കാസർഗോഡ് ഒരു റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

85. കണ്ണൂർ ജില്ലയിലെ അന്തൂർ പഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഒരു പുതിയ ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നതാണ്. തീരദേശ സാമൂഹ്യ അടിസ്ഥാനസൗകര്യ വികസനത്തിനായി 54 ലക്ഷം രൂപ ഈ മേഖലയിൽ ഞാൻ വകയിരുത്തിയിട്ടുണ്ട്.

86. ജനകീയ മത്സ്യകൃഷി പദ്ധതി ഈ വർഷം 10000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുന്നതിന് 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

87. മത്സ്യകച്ചവടക്കാർ, ബീച്ച് തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നീ അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതമായി 3 കോടി രൂപ ഞാൻ വകയിരുത്തുന്നു.

88. മത്സ്യത്തൊഴിലാളികൾ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി, സമ്പാദ്യ-സമാശ്വാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതാണ്. ഇതിനുവേണ്ടി 3.25 കോടി രൂപ ഞാൻ വകയിരുത്തുന്നു.

89. തലായി, മുനമ്പം, മുതലപ്പൊഴി തുടങ്ങിയ ഫിഷിംഗ് ഹാർബർകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ പദ്ധതികൾക്കുവേണ്ടി 2 കോടി രൂപ കൂടി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

റോഡുകളും പാലങ്ങളും

90. സംസ്ഥാനത്തിലെ റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും ഈ സർക്കാർ എത്രമാത്രം പ്രാധാന്യം നൽകുന്നു എന്നുള്ളത് എന്റെ ബഡ്ജറ്റിലെ കഴിഞ്ഞകാലങ്ങളിലെ കണക്കുകൾ വ്യക്തമാക്കുന്നു. ഗ്രാമീണ റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുപോലും ഈ മേഖലയിലെ സർക്കാർ ചെലവ് തുടർച്ചയായി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഈ മേഖലയ്ക്ക് 375 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

73. For providing State Investment subsidy for Small Scale, Medium and Large Industries alone, I have provided Rs. 18.73 cr. in my budget. For promotional activities in the industrial sector through Kerala Financial Corporation, Kerala State Industries Development Corporation and KINFRA, I have allocated Rs. 65 cr. A provision of Rs. 13.3 cr. has been earmarked for industrial infrastructure facilities in Kannur, Kozhikode, Malappuram and Alappuzha.

74. The allocation for Industries Department also includes Rs. 65 cr. for the restructuring, revival and diversification of the Public Sector Undertakings of the State. The Kerala Industrial Revitalisation Fund has been able to raise Rs. 180 cr. from the market. With Government's participation in the fund we shall see major initiatives in strengthening the public sector in the State in 2000-2001.

75. The Kerala State Cashew Development Corporation is being given Rs. 5.5 cr. for replacing machinery, renovating factory shed and modernisation and for setting up Centre for Cashew Research and Development. Last year in my budget speech, I had proposed assistance to the Corporation for extending cashew cultivation. The initial work for this has been completed. I shall additionally provide Rs. 5 cr. to the Corporation for this in the next year.

76. Government proposes to declare the year 2000-2001 as the Coir Geo-Textile Year. I have made a provision of Rs. 5 cr. for a new scheme for the development of Coir Geo-Textile. Government also intends to establish a High Tech Coir Park at Perumon in Kollam. To this end, I am providing Rs. 2 cr. in the budget.

77. For the development of Handloom through primary handloom weaver's co-operative societies I am setting aside Rs. 6.45 cr. A total provision of Rs. 22.28 cr. is proposed for the handloom and power loom sectors in the State.

78. It is estimated that 13000 labourers are engaged in the Khadi Industry in Kerala. This sector is facing a grace crisis on account of factors like lack of basic infrastructure and poor wages for Khadi weavers. To help the industry get back on its feet, Government feels that some measure of support should be extended to it. Government intends to provide to the weavers an incentive of 10 paise per hank yarn used in this industry. For this purpose, I am setting apart Rs. 25 lakhs in my budget.

Fisheries and Harbours

79. The Fisheries sector is vital to the State for both its contribution to the domestic product of the State but also for the fact that a very large number of poor and marginalized earn their livelihood in this sector. The allocation for this sector has been enhanced to Rs. 81.2 cr. has been in the overall plan budget. This marks an increase of nearly 20% over that of last year. For dissemination of information of shoal movement to

LIBRARY ARCHIVES Kerala Legislative Assembly

fishermen and for facilitating rescue operations, the Department will set up a wireless communication network in the State.

80. For helping our fishermen to mobilise necessary working capital requirement, Matsyafed will set up a Credit Card scheme in Kasaragod, Kannur and Kollam districts. The promotion of self-help groups in the fisheries sector, creation of new employment opportunities for fisherwomen are some of the new thrust areas for the year.

81. One of the main objectives of Matsyafed is to make availabe inputs including kerosene oil to poor fishermen. I am happy to announce that I shall be allocating Rs. 5 cr. additionally to Matsyafed for this.

82. New traditional landing centres at a cost of Rs. 2 cr. will be constructed at Kanhangad, Thikkodi, Poovaer and Kadapra.

83. In 2000-01, a Mahseer hatchery at Munnar and a Prawn hatchery at Kannur will be set up. I have provided for Rs. 2.1 cr. for hatcheries in my budget.

84. A new Regional Fisheries Technical School will be opened at Kasaragode. An amount of Rs. 50 lakhs has been provided for this.

85. The Fisheries Department will open a new fisheries dispensary at Anthur Panchayat in Kannur District. Rs. 54 lakhs has been provided for the development of coastal social infrastructure facility in the sector.

86. I am setting apart Rs. 2 cr. for the Janakeeya Matsya Krishi Programme under which 10000 ha will be covered in 2000-2001.

87. I propose to provide an amount of Rs. 3 cr. as contribution to the welfare fund for allied workers like fish vendors, beach and peeling workers.

88. I am also providing Rs. 3.25 cr. for the saving cum relief scheme for fishermen in the State to promote the habit of saving among them.

89. The work on the fishing harbours at Thalai, Munambam and Muthalapozhi is in progress. I am happy to announce Rs. 2 cr. for these projects over and above the budget provision.

Roads and Bridges

90. The figures in my budget would clearly show the importance that Government has accorded in the past for the proper maintenance and upkeep of the roads in the State. In spite of the transfer of village roads to the Panchayats, expenditure on roads has been increasing consistently. An amount of Rs. 375 cr. has been provided for this sector in the budget.

91. Under the World Bank assisted Road Infrastructure Development Technical assistance project, detailed design of 600 km of roads land acquisition and other works for the construction of 400 km of roads will be taken up in 2000-01. I have set apart an outlay of Rs. 30 cr. for this.

92. As share capital contribution for the newly formed Roads and Bridges Development Corporation, I am providing an amount of Rs. 1 cr. in my

LIBRARY ARCHIVES Kerala Legislative Assembly